I/86549/2023

ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

**LSGD/PD/57704/2023-SWAG2** തീയതി: 29-09-2023

പ്രിൻസിപ്പൽ ഡയറക്ടർ

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

2. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും.
(ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)

സർ,

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഒക്ടോബർ രണ്ടാം തിയതി ചെയ്യേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച്.

സൂചന: 1) 18-09-2023 ന് വൈകുന്നേരം 5 മണിക്ക് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ യോഗത്തിൻറെ മിനിറ്റ്സ്.

2) മാലിന്യമുക്തം നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് 27/09/2023 ലെ മന്ത്രിസഭാ യോഗ തീരുമാനം

സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മുഴുവൻ സർക്കാർ സ്ഥാപനങ്ങളിലും 100% മാലിന്യ സംസ്കരണം ഉറപ്പാക്കൽ ഉൾപ്പെടെ വിപുലമായ ശുചീകരണ പ്രവർത്തനമാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ടി ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സൂചന പ്രകാരം ലഭ്യമായ നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഓരോ വാർഡിലും കുറഞ്ഞത് 200 പേരെ പങ്കെടുപ്പിക്കാൻ കഴിയണം. സംസ്ഥാനമൊട്ടാകെ കുറഞ്ഞത് 25 ലക്ഷത്തോളം പേർ ഈ പ്രവർത്തനത്തിൽ അണിനിരക്കുമെന്ന് ഉറപ്പാക്കണം.

2. വിദ്യാർത്ഥികൾ, യുവജനങ്ങൾ എൻ.എസ് എസ് ,പൊതു പ്രവർത്തകർ, രാഷ്ട്രീയ -തൊഴിലാളി - സർവീസ് സംഘടന പ്രവർത്തകർ വ്യാപാരി വ്യവസായി, ലൈബ്രറി കല-സാംസ്കാരിക പ്രവർത്തകർ,ജനപ്രതിനിധികൾ,കുടുംബശ്രീ ADS-CDS അംഗങ്ങൾ തൊഴിലുറപ്പ് പ്രവർത്തകർ,സർക്കാർ ജീവനക്കാർ തുടങ്ങി സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നും ഈ ശുചീകരണ പ്രവർത്തനത്തിന് പങ്കാളിത്തം ഉറപ്പാക്കുക.

I/86549/2023

3. നഗരപ്രദേശങ്ങൾ, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ, ആരാധനാലയ പരിസരങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ സർക്കാർ ഓഫിസുകൾ, മാർക്കറ്റുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിലാണ് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്.

4. വാർഡുതലത്തിലുള്ള ശുചിത്വ ആരോഗ്യ സമിതിക്കായിരിക്കും ഇവ സംഘടിപ്പിക്കുന്നതിനുള്ള ചുമതല.

5. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിൻറെ ഭാഗമായി ഗ്രാമപഞ്ചായത്ത് നഗരസഭ തലത്തിൽ രൂപീകരിച്ചിട്ടുള്ള സംഘാടക സമിതികൾ/ക്യാമ്പയിൻ ടീമുകളുടെ യോഗങ്ങൾ അടിയന്തരമായി ചേർന്ന് ടി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഒക്ടോബർ രണ്ടാം തീയതി എടുക്കുന്ന മാലിന്യ മുക്ത പ്രതിജ്ഞയോടെയാകണം ശുചികരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ. സൂചന (2) പ്രകാരം മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി എല്ലാ ഔദ്യോഗികപരിപാടികളും ആരംഭിക്കുന്നത് മാലിന്യ മുക്ത നവ കേരളത്തിനായുള്ള പ്രതിജ്ഞ കൂടി ചൊല്ലിക്കൊണ്ടായിരിക്കും. മാലിന്യ മുക്ത പ്രതിജ്ഞ ചുവടെ കൊടുക്കുന്നു.

<u>പ്രതിജ്ഞ</u>

***"എന്റെ കേരളം സുന്ദരമാണ്. മാലിന്യങ്ങളും പാഴ്വസ്തുക്കളും അലക്ഷ്യമായി വലിച്ചെറിഞ്ഞ് നാടും നഗരവും ജലാശയങ്ങളും വൃത്തിഹീനമാക്കുന്നത് എന്റെ നാടിനോട് ചെയ്യുന്ന കുറ്റ കൃത്യമാണെന്ന് ഞാൻ തിരിച്ചറിയുന്നു.***

***സംസ്കാരശൂന്യവും നിയമവിരുദ്ധവുമായ അത്തരം പ്രവൃത്തികളിൽ ഇനി ഞാൻ ഒരിക്കലും ഏർപ്പെടുകയില്ല. അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് എനിക്ക് പരിപൂർണ്ണ ബോധ്യമുണ്ട്. അതിനാൽ ചെറുതോ വലുതോ ആയ ഒരു പാഴ്വസ്തുവും ഞാൻ വഴിയിൽ വലിച്ചെറിയില്ല. ആരെയും വലിച്ചെറിയാൻ അനുവദിക്കുകയുമില്ല. ഹരിത കർമ്മ സേനയ്ക്ക് അവ തരം തിരിച്ച് കൈമാറും. നിയമാനുസൃതമുള്ള യൂസർ ഫീ അവർക്ക് നല്കും. ജൈവ മാലിന്യം കഴിവതും വീട്ടിൽ തന്നെ സംസ്കരിക്കും. നിരോധിത പ്ലാസ്റ്റിക് വസ്തുക്കളൊന്നും ഉപയോഗിക്കുകയില്ലെന്നും ഞാൻ ഉറപ്പുനൽകുന്നു.***

***ശുചിത്വത്തിനായി പഞ്ചായത്തുകളും നഗരസഭകളും സർക്കാരും കൈക്കൊള്ളുന്ന എല്ലാ നടപടികളോടും ഞാൻ പൂർണ്ണമായും സഹകരിക്കും. മാലിന്യ മുക്ത നവകേരളത്തിനായി നാടിനൊപ്പം ഞാനും ആത്മാർത്ഥമായി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു."***

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ആരംഭിക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾ ആദ്യ ഘട്ടം ഒക്ടോബർ 2-10 വരെയും, തുടർന്ന് ഘട്ടം ഘട്ടമായി ജനുവരി 30 വരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത മിനിറ്റ്സിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതും സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ടി പ്രവർത്തനങ്ങൾ അതീവ ഗൗരവത്തോടെ ഉൾക്കൊണ്ട് നിർവഹിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Alex Varghese IAS

DIRECTOR (URBAN)